## ചോദ്യോത്തരം

**മുജീബ്**

# മുസ്‌ലിം ന്യൂനപക്ഷത്തിന് നീതി ലഭിച്ചിട്ടുണ്ടോ?

■ *“നിർഭാഗ്യവശാൽ മുസ്‌ലിം ന്യൂനപക്ഷത്തിൽ ഒരു വിഭാഗം ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും എതിർദിശയിലാണ് സഞ്ചരിച്ചത്. ഹൈന്ദവർക്കിടയിൽ നവയാഥാസ്ഥിതികത്വത്തെ പ്രതിനിധാനം ചെയ്യുന്ന ഗോൾവാൾക്കറിസം പോലെ മുസ്‌ലിംകൾക്കിടയിലും നവയാഥാസ്ഥിതികവാദം ഇരുപതാം നൂറ്റാണ്ടിന്റെ പ്രഥമാർധത്തിൽ മുള പൊട്ടിയിരുന്നു. ഇന്ത്യാ ഉപവൻകരയിൽ സയ്യിദ് മൗദൂദിയും ഈജിപ്തിൽ സയ്യിദ് ഖുത്തുബും ആയിരുന്നു അതിന്റെ സൈദ്ധാന്തികർ. ഇരുവരും ഇസ്‌ലാമിനെ വീക്ഷിച്ചത് ഒരു രാഷ്ട്രീയ വ്യവസ്ഥയായിട്ടാണ്. ഇസ്‌ലാമിനെ ആസ്പദമാക്കിയ രാഷ്ട്രീയക്രമത്തിലൂടെയും ഭരണവ്യവസ്ഥയിലൂടെയും മാത്രമേ മുസ്‌ലിംകൾ നേരിടുന്ന പ്രശ്നങ്ങൾ മാത്രമല്ല, ലോകം നേരിടുന്ന പ്രശ്നങ്ങൾ തന്നെ പരിഹരിക്കാനാവൂ എന്നായിരുന്നു അവരുടെ വിലയിരുത്തൽ. മൗദൂദിയുടെയും ഖുത്തുബിന്റെയും നവയാഥാസ്ഥിതിക ചിന്തകൾ സ്വാംശീകരിച്ച മുസ്‌ലിം വിഭാഗം ഇന്ത്യയിൽ മതനിരപേക്ഷ ജനാധിപത്യത്തിന്റെ എതിർപക്ഷത്ത് നിന്നു. ഇന്ത്യയിലെ മതേതര ജനാധിപത്യവ്യവസ്ഥയിൽ മുസ്‌ലിം ന്യൂനപക്ഷത്തിന് നീതി ലഭിക്കില്ലെന്ന പ്രചാരണമാണ് അവർ അഴിച്ചുവിട്ടത്. എഴുപതുകളുടെ അവസാനം വരെ ആ പ്രചാരണത്തിന്റെ മുൻപന്തിയിലുണ്ടായിരുന്നത് ജമാഅത്തെ ഇസ്‌ലാമിയാണ്.”* (മാതൃഭൂമി *ആഴ്ചപതിപ്പ്, 2008 ഒക്ടോബർ 5, ഹമീദ് ചേന്ദമംഗല്ലൂർ). മുജീബ് എന്തു പറയുന്നു?*

***എ.പി മുഹമ്മദ് കോയ ശാന്തപുരം***

**വ**സ്തുതകളിൽനിന്ന് ഒളിച്ചോടുകയും മനസ്സിൽ അടിയുറച്ചുപോയ മുൻവിധികളിലൂന്നി മാത്രം ഏതു സംഭവത്തെയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്ന പതിവ് ദൗർബല്യം ആവർത്തിക്കുകയാണ് ലേഖകൻ ചെയ്തിരിക്കുന്നത്. നാലു പതിറ്റാണ്ടുകാലമായി ഈ മതേതര നാട്യക്കാരൻ, വ്യവസ്ഥാപിതമായും സമാധാനപരമായും രാജ്യത്ത് പ്രവർത്തിക്കുന്ന ഇസ്‌ലാമിക ധാർമിക പ്രസ്ഥാനത്തെക്കുറിച്ച് ചർവിതചർവണം നടത്തുന്ന അസംബന്ധങ്ങളൊക്കെ സ്ഥിരമായി വായനക്കാരിലെത്തിക്കുക എന്ന സേവനമാണ് *മാതൃഭൂമി* ആഴ്ചപതിപ്പും നിറവേറ്റുന്നത്. ലേഖകനെയും അയാളുടെ പ്രമോട്ടർമാരെയും പൂർവാധികം അലോസരപ്പെടുത്തിക്കൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനം സക്രിയവും ശക്തവുമായ ഇടപെടലുകൾ തുടരുകയാണെന്നത് വേറെ കാര്യം.

ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ മുസ്‌ലിം ഭരണം അവസാനിക്കുകയും ബ്രിട്ടീഷ് അധിനിവേശം ആരംഭിക്കുകയും ചെയ്തതു മുതൽ ഉത്ഭവിച്ചതാണ് മുസ്‌ലിം ന്യൂനപക്ഷ പ്രശ്നം. ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടും പാശ്ചാത്യ സംസ്കാരത്തോടുമുള്ള കടുത്ത എതിർപ്പ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പാടെ ബഹിഷ്കരിക്കാൻ മതപണ്ഡിതന്മാരെ പ്രേരിപ്പിച്ചപ്പോൾ മുസ്‌ലിം സമുദായം മൊത്തത്തിൽ മുഖ്യധാരയിൽനിന്ന് വേറിട്ട് പോവുകയും നാനാ ജീവിതതുറകളിൽ പിന്നാക്കമാവുകയും ചെയ്തു. സർ സയ്യിദ് അഹ്മദ് ഖാന്റെ അലീഗഢ് പ്രസ്ഥാനം മുസ്‌ലിം തലമുറകളിൽ ചെറിയൊരു വിഭാഗത്തെ ആധുനിക വിദ്യാഭ്യാസത്തിലേക്ക് ആകർഷിച്ചെങ്കിലും ഭൂരിപക്ഷവും പരമ്പരാഗത മത വിദ്യാഭ്യാസരംഗത്താണ് നിലയുറപ്പിച്ചത്. ആധുനിക വിദ്യാഭ്യാസം നേടിയവരാകട്ടെ പാശ്ചാത്യ സംസ്കാരത്താൽ സ്വാധീനിക്കപ്പെട്ടതിനാൽ ഇസ്‌ലാമിക മുഖ്യധാരയിൽനിന്ന് അകലുകയും ചെയ്തു. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനമായ ഇന്ത്യൻ നാഷനൽ കോൺഗ്രസ് മതേതര ധാരയിലൂടെയാണ് താത്ത്വികമായി മുന്നോട്ടു പോയതെങ്കിലും ഗോപാലകൃഷ്ണ ഗോഖലെ, ബാലഗംഗാധര തിലകൻ, പുരുഷോത്തം ദാസ് ഠണ്ഡൻ, സർദാർ വല്ലഭായ് പട്ടേൽ തുടങ്ങിയ ഹിന്ദുത്വവാദികൾക്ക് കോൺഗ്രസ്സിലുണ്ടായിരുന്ന സ്വാധീനം മുസ്‌ലിം ജനസാമാന്യത്തെ ദേശീയ പ്രസ്ഥാനത്തിൽനിന്നകറ്റി. മൗലാനാ അബുൽ കലാം ആസാദ്, ഹകീം അജ്മൽ ഖാൻ, മുഹമ്മദ് അബ്ദുർറഹ്മാൻ പോലുള്ള ദേശീയ മുസ്‌ലിം നേതാക്കൾക്ക് സമുദായത്തിൽ പരിമിത സ്വാധീനമേ ചെലുത്താനായുള്ളൂ. മറുവശത്ത് മുസ്‌ലിം സാമുദായിക സംഘടനയായി ഉടലെടുത്ത സർവേന്ത്യാ മുസ്‌ലിം ലീഗ്, ക്രമത്തിൽ സാമുദായിക രാഷ്ട്രീയ പ്രസ്ഥാനമായി ശക്തിപ്രാപിക്കുകയും മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിൽ ദ്വിരാഷ്ട്ര വാദം ഉയർത്തേണ്ട സാഹചര്യം സംജാതമാവുകയും ചെയ്തു. ഇരുപതുകളിൽ ഡോ. ഹെഡ്ഗെവാർ രൂപംനൽകുകയും ഗുരുഗോൾവാൾക്കർ സൈദ്ധാന്തിക അടിത്തറ ഒരുക്കുകയും ചെയ്ത ആർ.എസ്.എസ് ഹിന്ദുരാഷ്ട്ര വാദവുമായി രംഗപ്രവേശം ചെയ്തതും ഇതേ കാലഘട്ടത്തിലാണ്. വി.ഡി സവർക്കറുടെ ഹിന്ദുമഹാസഭയും തീവ്ര ഹിന്ദുത്വത്തിനായി നിലകൊണ്ടു.

കലുഷമായ ഈ അന്തരീക്ഷത്തിൽ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ഹിന്ദുത്വ ദേശീയതയെയും മുസ്‌ലിം ദേശീയതയെയും ഒരുപോലെ എതിർത്തതോടൊപ്പം ഇസ്‌ലാമിക വിശ്വമാനവികതയിലധിഷ്ഠിതമായ മൂന്നാം ബദലിന് വേണ്ടിയാണ് ശബ്ദമുയർത്തിയതും ജമാഅത്തെ ഇസ്‌ലാമിക്ക് ബിജാവാപം ചെയ്തതും. മതാധിഷ്ഠിത രാഷ്ട്ര വിഭജനത്തെ തീർത്തും നിരാകരിച്ച പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. മുസ്‌ലിം

സമൂഹത്തിന്റെ മൊത്തം പിന്നാക്കാവസ്ഥക്ക് ഹേതുവായ വിദ്യാഭ്യാസ വിഭജനത്തെയും ജമാഅത്ത് അംഗീകരിച്ചില്ല. വിദ്യാഭ്യാസം മതപരമെന്നും ഭൗതികമെന്നും വേർതിരിച്ചു ദീനറിയാത്ത മാസ്റ്റർമാരും ദുനിയാവറിയാത്ത മുല്ലമാരും ഉണ്ടായതാണ് സമുദായത്തിന്റെ പിന്നാക്കാവസ്ഥക്ക് കാരണമായതെന്ന് ജമാഅത്ത് ചൂണ്ടിക്കാട്ടി. വിഭജനത്തിനും സ്വാതന്ത്ര്യത്തിനും ശേഷമാകട്ടെ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഒന്നാമതായി ചെയ്തത് വർഗീയ ധ്രുവീകരണത്തിന്റെ മുറിവുകൾ ഉണക്കാൻ സാധ്യമായത് ചെയ്യുകയായിരുന്നു. മുസ്‌ലിംകളിൽ മഹാഭൂരിപക്ഷവും മതേതരത്വം ഉയർത്തിപ്പിടിച്ച കോൺഗ്രസ്സിലാണ് അണിനിരന്നത്; മലബാറിൽ മുസ്‌ലിം ലീഗിലും. 45 വർഷം കോൺഗ്രസ്സാണ് രാജ്യം ഭരിച്ചത്. കേരളത്തിൽ മുസ്‌ലിം ലീഗ് കോൺഗ്രസ്സുമായി പലതവണ ഭരണം പങ്കിടുകയുമുണ്ടായി. പശ്ചിമബംഗാളിൽ മൂന്ന് പതിറ്റാണ്ടിലധികമായി മുസ്‌ലിം ജനസാമാന്യം ഇടതുപക്ഷത്തോടൊപ്പമാണ്. എന്നിട്ടൊക്കെ സച്ചാർ കമ്മിറ്റി അനാവരണം ചെയ്തപോലെ ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷത്തിന് നീതി ലഭിച്ചില്ലെങ്കിൽ കാരണക്കാർ ഒരു പഞ്ചായത്ത് വാർഡ് പോലും ഭരിച്ചിട്ടില്ലാത്ത ജമാഅത്തെ ഇസ്‌ലാമിയാണെന്നും, സ്വതന്ത്ര ഇന്ത്യയിൽ ഒരുനാൾ പോലും കാൽകുത്തിയിട്ടില്ലാത്ത മൗദൂദിയാണെന്നും തട്ടിവിടണമെങ്കിൽ കണ്ണുകൾ എത്രമാത്രം അന്ധമാവണം? ഇന്ത്യൻ മതനിരപേക്ഷതയെ അംഗീകരിക്കുന്നുവെന്ന് തുറന്നു പ്രഖ്യാപിക്കുകയും തെരഞ്ഞെടുപ്പുകളിൽ സെക്യുലർ പാർട്ടി സ്ഥാനാർഥികൾക്ക് വോട്ട് നൽകുകയും ചെയ്ത ജമാഅത്തെ ഇസ്‌ലാമി കാരണമാണോ രാജ്യത്തിന്റെ വിദ്യാഭ്യാസ സാമ്പത്തിക രാഷ്ട്രീയ സാമൂഹിക മേഖലകളിലാകെ മുസ്‌ലിംകൾ പിന്നാക്കമായത്? നീതിനിഷേധിക്കപ്പെട്ട മുസ്‌ലിം സമുദായത്തിൽ ഏതാനും പേർ തീവ്രവാദത്തിലേക്കാകർഷിക്കപ്പെട്ടുവെങ്കിൽ അതിന് ഉത്തരവാദികൾ രാജ്യം ഭരിച്ചവരും ഭരിപ്പിച്ചവരുമല്ലെങ്കിൽ പിന്നെ മുപ്പത് വർഷം മുമ്പ് മൺമറഞ്ഞ മൗദൂദിയാണോ? രഹസ്യാന്വേഷണ ഏജൻസികളും പോലീസും മീഡിയയും ചേർന്ന് മുസ്‌ലിം യുവാക്കളെ വേട്ടയാടുന്നത് മൗദൂദി പുസ്തകമെഴുതിയത് കൊണ്ടാണോ? ഒരു ധർമത്തിലും വിശ്വസിക്കാത്തവർക്ക് വെള്ളം ചേർക്കാത്ത കള്ളം മാത്രം നിരന്തരം ആവർത്തിക്കാൻ ഉത്തരവാദപ്പെട്ട ഒരു മാഗസിൻ അതിന്റെ താളുകൾ ചിലർക്ക് തീറെഴുതിക്കൊടുക്കുന്നതിലെ ധാർമികത അതിന്റെ നടത്തിപ്പുകാരാണ് ആലോചിക്കേണ്ടത്.

## പി.ജിക്ക് ഇഷ്ടപ്പെട്ട മതം

■ *"പി.ജിക്ക് ഇഷ്ടപ്പെട്ട മതമേതാണെന്ന് വ്യക്തമാക്കാമോ? ജീവിതത്തിൽ ഒരു മതം തിരഞ്ഞെടുക്കേണ്ടിവന്നിരുന്നെങ്കിൽ ഏതായിരിക്കും തിരഞ്ഞെടുക്കുക?*

*ഒരു മതത്തിന്റെ ആവശ്യം ജീവിതത്തിലുണ്ടായിട്ടില്ല. പലതും വച്ചുനോക്കുമ്പോൾ ഏറ്റവും നല്ല മതം ഇസ്ലാംമതമാണെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. പുണ്യഗ്രന്ഥങ്ങളിലേക്കും വച്ച് ഏറ്റവും നല്ലത് ഖുറാനാണെന്നാണ് എന്റെ അഭിപ്രായം. പിന്നെ ചിലരൊക്കെ പറയുന്നത് മാർക്സിസവും ഒരു മതമാണെന്നല്ലേ- അങ്ങനെയാണെങ്കിൽ അത് തന്നെയാണ് എന്റെ മതം. മതനിരപേക്ഷമായ ഒരു ധാർമികത അതിലൂടെ സാധ്യവുമാണ്." (ഈശ്വരൻ, മതം, വിശ്വാസം- പി. ഗോവിന്ദപിള്ള/ എൻ.ഇ സുധീർ-* സമകാലിക മലയാളം *വാരിക, ഓണപ്പതിപ്പ് 2008, പേജ് 287).* മുജീബ് എന്തു പറയുന്നു?

**എം.വി ജലീൽ ഒതളൂർ**

**നാ**സ്തികനും വൈരുധ്യാധിഷ്ഠിത ഭൗതികവാദിയുമായ പി. ഗോവിന്ദപിള്ളക്ക് മൗലികമായി മതങ്ങളോട് വിയോജിപ്പുള്ളതോടൊപ്പം തന്നെ, താരതമ്യേന സ്വീകാര്യമായ മതം ഇസ്‌ലാമാണെന്ന് തോന്നുന്നുവെങ്കിൽ, കാരണം അദ്ദേഹം വ്യക്തമാക്കിയില്ലെങ്കിലും സോഷ്യലിസത്തോട് ഏറെ സാമ്യതയുള്ള ഇസ്‌ലാമിന്റെ സാമൂഹികനീതി സങ്കൽപമാവണം അദ്ദേഹത്തെ ആകർഷിക്കുന്നത്. കൃത്രിമവും അയുക്തികവും അപ്രായോഗികവുമായ അടിത്തറകളിൽ സമത്വവും സാമൂഹിക നീതിയും സ്ഥാപിക്കാനാണ് മാർക്സിസം ശ്രമിച്ചത്. ഒരു ചരിത്ര ഘട്ടത്തിൽ മുതലാളിത്തത്തെ മുട്ടുകുത്തിച്ച് തൊഴിലാളി വർഗാധിപത്യം ഭൂമുഖത്തിന്റെ ഒരു ഭാഗത്ത് സ്ഥാപിക്കുന്നതിൽ അത് വിജയിക്കുകയും ചെയ്തു. എന്നാൽ മുക്കാൽ നൂറ്റാണ്ടാവുമ്പോഴേക്ക് ആന്തരിക വൈരുധ്യങ്ങൾ മൂർഛിച്ച് മാർക്സിസം പരാജയപ്പെടുകയായിരുന്നു. അതോടെ നിയോ ക്യാപിറ്റലിസത്തിലേക്ക് തിരിച്ചുപോയ സോഷ്യലിസ്റ്റ് രാജ്യങ്ങൾ, 'പടപേടിച്ച് പന്തളത്ത് ചെന്നപ്പോൾ പന്തം കൊളുത്തിപ്പട' എന്നുപറഞ്ഞ പരുവത്തിലായിരിക്കുകയാണിപ്പോൾ. അമേരിക്കയുടെ നേതൃത്വത്തിൽ ആഗോള മുതലാളിത്ത സമ്പദ്വ്യവസ്ഥ ആന്തരിക വൈരുധ്യങ്ങൾ തീർത്ത പത്മവ്യൂഹത്തിൽ കിടന്ന് ഊർദ്ധ്വൻ വലിക്കുകയാണ്. രണ്ടിനും മധ്യേ മനുഷ്യപ്രകൃതിയോട് നീതി ചെയ്യുന്നതും പ്രായോഗികവുമായ സാമൂഹിക നീതിക്രമം ഇസ്‌ലാം കാഴ്ചവെക്കുന്നുണ്ട് എന്ന് കണ്ടെത്താൻ പി.ജിക്കും സമാന ചിന്താഗതിക്കാർക്കും ലഭിച്ച സുവർണാവസരമാണിത്. അവരെ അത് ബോധ്യപ്പെടുത്തുന്നതിലാണ് കാലഘട്ടത്തിലെ സത്യപ്രബോധകരുടെ വിജയം.

## പത്രാധിപർ മുസ്‌ലിമായതിനാൽ

■ *'പ്രധാനമന്ത്രിയെ അനുഗമിക്കുന്ന 35 അംഗ മാധ്യമ സംഘത്തിൽ വടക്കു കിഴക്കൻ മേഖലയുടെ ഏക പ്രതിനിധി ഹൈദർ ഹുസൈൻ ഒരു മുസ്‌ലിം ആയതിനാൽ അമേരിക്ക വിസ നൽകിയില്ല. വിദേശകാര്യ മന്ത്രാലയമാണ് ഹുസൈനെ സംഘത്തിൽ ഉൾപ്പെടുത്തിയിരുന്നത്'* (മാധ്യമം *23.09.08). ഇന്ത്യയുടെ ആഭ്യന്തരമന്ത്രിയും മന്ത്രാലയവുമൊക്കെ എവിടെ നിൽക്കുന്നു? നമുക്ക് എന്തിനാണൊരു മന്ത്രാലയവും സർക്കാറും മന്ത്രിമാരുമൊക്കെ?*

***മുഹമ്മദ് അസ്‌ലം ചെറുകോട്***

**ന**മ്മുടെ സർക്കാർ എവിടെ നിൽക്കുന്നു എന്ന് വ്യക്തമല്ലേ? തന്ത്രപരമായ സഹകരണ ഉടമ്പടിയും 1 2 3 കരാറുമായി അമേരിക്കയോടൊപ്പം നിൽക്കുന്നു. ഇറാനെതിരായ ഉപരോധ നീക്കത്തിൽ ഒപ്പം നിൽക്കണമെന്ന് അമേരിക്ക പറഞ്ഞു; ഇന്ത്യ ഒപ്പം നിന്നു. ഇറാനെതിരെ ചാരവൃത്തി നടത്താൻ ഇസ്രയേൽ ഉപഗ്രഹം ശ്രീഹരിക്കോട്ടയിൽനിന്ന് വിക്ഷേപിക്കണമെന്ന് അമേരിക്ക ആജ്ഞാപിച്ചു; ഇന്ത്യ അനുസരിച്ചു. ഇറാൻ സമാധാനാവശ്യങ്ങൾക്ക് ആണവോർജം വികസിപ്പിക്കുന്നത് ആപത്താണെന്ന് ബുഷ് പറഞ്ഞു; മൻമോഹൻ തലയാട്ടി. ഇറാൻ വാതക പൈപ്പ് ലൈൻ വേണ്ടെന്ന് യാങ്കി പറഞ്ഞു; ഇന്ത്യ പിന്മാറി. പ്രമുഖ ആസാമീസ് പത്രത്തിന്റെ എഡിറ്ററുടെ പേര് ഹൈദർ ഹുസൈൻ എന്നായതിനാൽ അയാളെ പ്രധാനമന്ത്രിയെ അനുഗമിക്കുന്ന മാധ്യമപ്പടയിൽനിന്ന് മാറ്റിനിർത്തണമെന്ന് വാഷിംഗ്ടണിൽനിന്ന് അരുളപ്പാടുണ്ടായി; പ്രധാനമന്ത്രിയുടെ ഓഫീസ് പ്രത്യക്ഷരം ശിരസാവഹിച്ചു. അടുത്തത് ഇറാനിലേക്കോ സിറിയയിലേക്കോ പാകിസ്താനിലേക്കോ വസീ

റിസ്താനിലേക്കോ ഇന്ത്യ പട്ടാളത്തെ അയക്കണമെന്നാവും തിരുമൊഴി. അന്നേരം അതും നടപ്പാകും. അതിനല്ലേ 1 2 3? എന്നാലും നമ്മുടെ സ്വാതന്ത്ര്യത്തിനോ പരമാധികാരത്തിനോ പോറലേൽക്കില്ല, കട്ടായം.

## പലനാൾ പെരുന്നാൾ

■ *ചിങ്ങത്തിലെ ഓണവും ഡിസംബറിലെ ക്രിസ്മസ്സും ഭൂമിലോകത്ത് ഒരു ദിവസം ആഘോഷിക്കുമ്പോൾ ശവ്വാലിലെ പെരുന്നാൾ മാത്രം മൂന്ന് ദിവസമാവുന്നത് എന്തുകൊണ്ട്?*

***എം.കെ ഇസ്മാഈൽ***
***വട്ടോളി ബസാർ***

**സോ**ളാർ കലണ്ടർ പ്രകാരം ദിവസങ്ങൾക്ക് മാറ്റം സംഭവിക്കുന്നില്ല. എന്നാൽ സമയമാറ്റമുണ്ടാവും. യൂറോപ്പിലും അമേരിക്കയിലും ക്രിസ്മസ് ആഘോഷിക്കുന്ന നേരത്താവില്ല ദക്ഷിണേന്ത്യയിൽ അതാഘോഷിക്കുന്നത്. ചിങ്ങത്തിലെ ഓണം കേരളീയർക്ക് മാത്രമുള്ളതാണ്. അത് ഭിന്ന ദിവസമാവാൻ കാരണമില്ല. ചന്ദ്രോദയത്തെ അടിസ്ഥാനമാക്കിയുള്ള ലൂനാർ കലണ്ടർ പ്രകാരം മാസാദ്യദിനം വ്യത്യസ്തമാവാം. അതാണ് റമദാൻ ഒന്നും ശവ്വാൽ ഒന്നും ദുൽഹജ്ജ് പത്തും പല നാളുകളിൽ ആവാൻ കാരണം. എന്നാലും മൂന്ന് ദിവസങ്ങളിലാവാൻ ന്യായമില്ല. അത് വിവരക്കേടും വാശിയും കൊണ്ട് സംഭവിക്കുന്നതാണ്. ഏതെങ്കിലും ഒരടിസ്ഥാനത്തിൽ മാസനിർണയം ഏകീകരിച്ചാൽ ഭൂമുഖത്ത് റമദാൻ, ഈദ് ഏകീകരണം ഒരുപരിധിവരെ സാധ്യമാണ്. ഇസ്‌ലാമിന്റെ ആധാരശിലയായ തൗഹീദിൽപോലും ഭിന്നത ഇന്ന് യാഥാർഥ്യമായിരിക്കെ മാസപ്പിറവിയിലെ അനൈക്യം മാത്രം പ്രശ്നമാക്കിയിട്ട് കാര്യമില്ല. ബോധവത്കരണത്തിലൂടെ ഏകീകരണത്തിന് പണിയെടുക്കാം.

## സകാത്ത് കമ്മിറ്റി

■ *'സകാത്ത് കമ്മിറ്റിക്ക് യാതൊരു തെളിവും ഇസ്‌ലാമിലില്ല. കമ്മിറ്റിയിൽ സകാത്ത് നൽകിയാൽ സകാത്തായി പരിഗണിക്കുന്നതല്ല'* (ചന്ദ്രിക *29.09.08*). *നാസിർ ഫൈസി കൂടത്തായി എഴുതിയ ലേഖനത്തിലെ ഈ പരാമർശം വായിച്ച് അന്ധാളിച്ചു. സകാത്ത് അവകാശികളായ എട്ടു കൂട്ടരിലെ 'സകാത്ത് പ്രവർത്തകർ' സംഘടിത സകാത്ത് വ്യവസ്ഥ നിലവിലുണ്ടെന്നതിന് വ്യക്തമായ തെളിവല്ലേ?*

***ഹാജറ ടീച്ചർ കടന്നമണ്ണ***

**'അ**വരെ ശുദ്ധീകരിക്കുന്ന സകാത്ത് അവരുടെ സമ്പത്തിൽനിന്ന് വസൂലാക്കുക' എന്ന് പ്രവാചകനോട് അല്ലാഹു കൽപിച്ചത് വിശുദ്ധ ഖുർആനിൽ ശാശ്വതമായി രേഖപ്പെട്ടുകിടക്കുന്നു. സകാത്ത് ഭരണകൂടം ഈടാക്കി അവകാശികൾക്ക് നൽകേണ്ടതാണ്, വ്യക്തികൾ സ്വകാര്യമായി നൽകേണ്ടതല്ല എന്നതിന്റെ അനിഷേധ്യ തെളിവാണിത്. പൊതുസംഭരണവും വിതരണവുമല്ലാത്ത മാതൃക സകാത്ത് കാര്യത്തിൽ പ്രവാചകരോ ശിഷ്യന്മാരോ കാണിച്ചിട്ടില്ല. ഇസ്‌ലാമിന് ഭരണം നഷ്ടമായതിന്റെ താൽപര്യം കടമകൾ സ്വകാര്യവത്കരിക്കണമെന്നല്ല. അങ്ങനെയെങ്കിൽ ഖാദി വ്യവസ്ഥയും ജമാഅത്തും ജുമുഅയുമൊക്കെ അപ്രസക്തമാവണമല്ലോ. ഭരണമില്ലാത്തപ്പോഴും മുസ്‌ലിം സമൂഹവും അവരുടെ സാമൂഹിക സംവിധാനങ്ങളും നിലവിലുണ്ട്. അതുകൊണ്ടാണ് നാസിർ ഫൈസിയുടെ സംഘടനയടക്കം പള്ളികളും മദ്റസകളും ഹജ്ജ് ഗ്രൂപ്പുകളും റിലീഫ് പ്രവർത്തനങ്ങളും മറ്റു പലതും സംഘടിതമായി നടത്തുന്നത്. ഏറ്റവും പ്രധാനമായ സകാത്ത് മാത്രം വ്യക്തികൾ സ്വയം കണക്കാക്കി സ്വാഭിഷ്ട പ്രകാരം തോന്നിയവർക്ക് വിതരണം ചെയ്യണമെന്ന മതവിധി ഇസ്‌ലാമിന്റെയോ സകാത്തിന്റെയോ സാമൂഹിക നീതിയുടെയോ ചൈതന്യത്തിന് നിരക്കുന്നതല്ല. കമ്മിറ്റികൾക്ക് സകാത്ത് കൊടുക്കണമെന്ന് ആരും പറയുന്നില്ല, വിശ്വസ്തരായ വ്യക്തികളടങ്ങുന്ന കമ്മിറ്റികളെ അവകാശികൾക്ക് ശരീഅത്ത് പ്രകാരമുള്ള വിതരണത്തിന് സകാത്ത് ഏൽപിക്കണമെന്നേ പറയുന്നുള്ളൂ. ഇക്കാലത്തും ഇതിനെതിരെ മുടന്തൻ ന്യായങ്ങൾ ഉന്നയിക്കുന്നവർ പ്രവാചകൻ കഠിനമായി നിരോധിച്ച യാചനയെ പ്രോത്സാഹിപ്പിച്ച് ഇസ്‌ലാമിന്റെ മുഖം വികൃതമാക്കുകയാണ്. അവർ തെറ്റ് തിരുത്തിയേ പറ്റൂ; പല അബദ്ധങ്ങളും തിരുത്തിയപോലെ. ■